# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2762

18.08.2017-ന് മറുപടിയ്ക്ക്

## മക്കരപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2016-17ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള മക്കരപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് കിറ്റ്കോ തയ്യാറാക്കിയ പ്രൊപ്പോസൽ (ഡി.പി.ആർ.) കിഫ്ബിയിൽ അംഗീകാരത്തിനായി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) 'പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 'കിറ്റ്കോ' തയ്യാറാക്കിയിട്ടുള്ള മക്കരപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് അനുമതിക്കായി 'കിഫ്ബി'യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ധനസഹായത്തിനായി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |
| (ബി) ആദ്യഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) പ്രസ്തുത സ്കൂളിനായി തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യകത മുൻനിർത്തി മുൻഗണനാക്രമത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ